**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

എം.എസ് സി സ്റ്റാറ്റിസ്റ്റിക്സ്,എം.എസ്.സി മാത്തമാറ്റിക്സ് എന്നിവ allied/relevant subjects ആയി പരിഗണിക്കുന്നത് സംബന്ധിച്ച് -30.11.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 12 സെക്ഷൻ**

നമ്പർ. 104/AC A 12/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 09.01.2020

---

പരാമർശം:-1)ശ്രീമതി നീതി എസ് ലാൽ 18/07/2019 ൽ സമർപ്പിച്ച അപേക്ഷ .

2)30.11.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗ മിനുട്സ് ഇനം നം .179/27509/ACA12/3/2019.

3)31.12.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം (19.11) ഇനം നം .01/19.11/190797.

<u>**ഉത്തരവ്**</u>

മൂവാറ്റുപുഴ നിർമല കോളേജിൽ നിന്നും എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്,മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് നിന്നും എം.എഡ് മാത്തമാറ്റിക്സ് എഡ്യൂക്കേഷൻ എന്നീ കോഴ്സുകൾ പൂർത്തിയാക്കിയ ശ്രീമതി നീതി എസ് ലാൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ കരാറടിസ്ഥാനത്തിൽ ബി.എഡ് മാത്തമാറ്റിക്സ് അദ്ധ്യാപനത്തിനായി എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് ,എം.എസ്.സി മാത്തമാറ്റിക്സ് എന്നിവ അനുബന്ധ വിഷയങ്ങളാണെന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന് അപേക്ഷിച്ചിരുന്നു .

എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്,എം.എസ്.സി മാത്തമാറ്റിക്സിന്റെ അനുബന്ധ വിഷയമായി പരിഗണിക്കാമോയെന്ന വിഷയത്തിൽ ചെയർമാൻ (ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാത്തമാറ്റിക്സ്- പി.ജി ),ഡീൻ (ഫാക്കൽറ്റി ഓഫ് സയൻസസ് )എന്നിവരുടെ വിദഗ്ധ അഭിപ്രായം തേടിയിരുന്നു.എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്,എം.എസ്.സി മാത്തമാറ്റിക്സ് എന്നിവ allied/relevant subject ആയി പരിഗണിക്കാമെന്ന ചെയർമാൻ (ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാത്തമാറ്റിക്സ്- പി.ജി ),ഡീൻ (ഫാക്കൽറ്റി ഓഫ് സയൻസസ് )എന്നിവരുടെ ശിപാർശകൾ 12/11/2019 ലെ ബഹു.വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു .

അക്കാദമിക് കൗൺസിൽ യോഗം പരാമർശം (2) പ്രകാരം ചെയർമാൻ (ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാത്തമാറ്റിക്സ്- പി.ജി),ഡീൻ (ഫാക്കൽറ്റി ഓഫ് സയൻസസ് ) എന്നിവരുടെ വിദഗ്ധ അഭിപ്രായ പ്രകാരം എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് ,എം.എസ്.സി മാത്തമാറ്റിക്സ് എന്നിവ allied/relevant subject ആയതിനാൽ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് ,എം.എസ്.സി മാത്തമാറ്റിക്സ് എന്നിവ അനുബന്ധ വിഷയങ്ങളാണെന്ന സർട്ടിഫിക്കറ്റ് നൽകുവാൻ തീരുമാനിച്ചു. അക്കാദമിക് കൗൺസിൽ തീരുമാനം പരാമർശം (3) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #5 of File 27509/AC A12/3/2019/AC A 12 Approved by ASSISTANT REGISTRAR III (ACADEMIC) on 07-Jan-2020 04:24 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി .സി /പി.വി.സി എന്നിവരുടെ പി .എസ് -മാർ

2)രജിസ്ട്രാർ /സി .ഇ എന്നിവരുടെ പി .എ -മാർ

3) ചെയർമാൻ (ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാത്തമാറ്റിക്സ്- പി.ജി

4)ഡീൻ (ഫാക്കൽറ്റി ഓഫ് സയൻസസ് )

5)ജെ.ആർ II(ഭരണം )

6) എ ആർ III/ ഡി ആർ II (അക്കാദമിക് )

7)എ സി എ III സെക്ഷൻ

8) റെക്കോർഡ് / കണ്ടന്റ് മാനേജ്മെന്റ്

9) എസ്.എഫ് /എഫ് ,സി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 27509/AC A12/3/2019/AC A 12 Approved by ASSISTANT REGISTRAR III (ACADEMIC) on 07-Jan-2020 04:24 PM - Page 2